"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.ഡിഇ3/238/2024-തസ്വഭവ
തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 24-09-2024

<u>സർക്കുലർ</u>

വിഷയം:- തസ്വഭവ - ബഹു. എൽ എസ് ജി മന്ത്രിയുടെ ജില്ലാ തല അദാലത്തുകളിലെ തീരുമാനം -തദ്ദേശ സ്വയംഭരണ സ്ഥാപനം ഭവന നിർമ്മാണത്തിനായി വാങ്ങി ഗുണഭോക്താവിനു നൽകുന്ന ഭൂമി നിർമ്മാണ പ്രവർത്തനത്തിന് യോഗ്യമാണെന്ന് ഉറപ്പു വരുത്തണമെന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന:- സ.ഉ(കൈ) നം.112/2020/തസ്വഭവ തീയതി 27/07/2020

ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ഭാഗമായി ഭൂരഹിത ഭവന രഹിതരുടെയും ഭൂമിയുള്ള ഭവന രഹിതരുടെയും പുനരധിവാസ പ്രവർത്തനങ്ങൾക്കായുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിരുന്നു. ഭൂരഹിത ഭവന രഹിതരുടെ പുനരധിവാസത്തിനായി വാങ്ങി നൽകുന്ന ഭൂമി ഉപയോഗയോഗ്യമല്ലാത്തതാണ് എന്നുള്ള പരാതി വിവിധതലങ്ങളിൽ നിന്നും ഉയർന്നുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിരിക്കുന്നു.

സർക്കാർ ഈ വിഷയം ഗൗരവമായി പരിശോധിക്കുകയും, തദ്ദേശ സ്വയംഭരണ സ്ഥാപനം ഭവന നിർമ്മാണത്തിനായി വാങ്ങി ഗുണഭോക്താവിനു നൽകുന്ന ഭൂമി നിർമ്മാണ പ്രവർത്തനത്തിന് യോഗ്യമാണെന്ന് ഉറപ്പു വരുത്തി മാത്രമേ ഗുണഭോക്താവിന് കൈമാറ്റം ചെയ്യാൻ പാടുള്ളൂ എന്ന് പൊതുവായിട്ടുള്ള നിർദ്ദേശം നൽകുന്നു.

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 25-09-2024 09:52:53
സെക്ഷൻ ഓഫീസർ.

ലീന എൻ പി
അഡിഷണൽ സെക്രട്ടറി

കോ -ഓഡിനേറ്റർ, നവകേരളം കർമ്മപദ്ധതി,ബി.എസ്.എൻ.എൽ ഭവൻ, ഉപ്പളം റോഡ്, സ്റ്റാച്ചു, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി